# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1005 — 05.02.2020 ൽ മറുപടിയ്ക്ക്

## തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നൂതന പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ. എൻ. ഷംസീർ<br>,, സി.കെ. ഹരീന്ദ്രൻ<br>,, കെ.സുരേഷ് കുറുപ്പ്<br>,, എം. രാജഗോപാലൻ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| **(എ)** തൊഴിൽരഹിതർക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പുതിയ തൊഴിൽ സാധ്യതകൾ പരിചയപ്പെടുത്തുന്നതിനും ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;<br><br>**(ബി)** ശാസ്ത്ര, സാങ്കേതിക ശാസ്ത്ര മേഖലകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ചയുടെ അടിസ്ഥാനത്തിൽ ആഗോള തൊഴിൽ കമ്പോളത്തിലും പുതിയ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നതിനാൽ അതിനനുസരിച്ചുള്ള തൊഴിൽ നൈപുണ്യശേഷി യുവജനങ്ങൾ ആർജ്ജിക്കുന്നതിന് സഹായകമായ നൈപുണ്യ വികസന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;<br><br>**(സി)** ഈ രംഗത്ത് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | **(എ) യും (ബി) യും (സിയും)**<br>വിവിധ മേഖലകളിൽ യുവജനങ്ങൾക്ക് മികച്ച തൊഴിൽ നേടാൻ സഹായിക്കുന്ന തരത്തിൽ തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന നൈപുണ്യ വികസന മിഷൻ ആയ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന വിവിധ തൊഴിലധിഷ്ഠിത നൈപുണ്യവികസന പദ്ധതി കൾ നടപ്പാക്കിവരുന്നു. വ്യാവസായിക മേഖലകളുടെ താല്പര്യം കണക്കിലെടുത്തു കൊണ്ടു മാറിവരുന്ന തൊഴിൽ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്ന വിധത്തിലാണ് പരിശീലനപദ്ധതികൾ വിഭാവനം ചെയ്യുന്നത്.<br>നിലവിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നടപ്പിലാക്കിവരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾ താഴെ പറയുന്നവയാണ്.<br><br>1. സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)<br>2.അക്രഡിറ്റേഷൻ<br>3. കൗശൽ കേന്ദ്രകൾ<br>4. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ<br>5. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ |

6. സ്റ്റേറ്റ് ജോബ് പോർട്ടൽ
7. സ്കിൽ രജിസ്ട്രി

ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന നൈപുണ്യ വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. എംപ്ലോയബിലിറ്റി സെന്ററുകൾ
2. കരിയർ ഡെവലപ്പ്മെൻറ് സെന്ററുകൾ

തൊഴിലില്ലായ്മയും തൊഴിൽ മേഖലയിലെ മാറ്റങ്ങളും ഉയർത്തുന്ന വെല്ലുവിളികൾ അതിജീവിക്കുന്നതിന് വിവിധ മേഖലകളിലെ തൊഴിൽ സാധ്യതകളെ മനസ്സിലാക്കി ടി തൊഴിലുകളിൽ യുവജനങ്ങളെ പ്രാപ്തരാക്കും വിധത്തിലാണ് പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്. അടിസ്ഥാനയോഗ്യതകൾ നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ വ്യാവസായിക മേഖലയുടെ ആനുകാലിക ആവശ്യകതയ്ക്ക് അനുസൃതമായി രൂപപ്പെടുത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയുള്ള പരിശീലന പരിപാടികളാണ് സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ) അക്രഡിറ്റേഷൻ പ്രോഗ്രാമുകൾ തുടങ്ങിയ പദ്ധതികളിലൂടെ നടപ്പിലാക്കി വരുന്നത്.

ഇതോടൊപ്പം മൽസര പരീക്ഷകളും അഭിമുഖങ്ങളും നേരിടാൻ യുവജനങ്ങളെ പ്രാപ്തരാക്കും വിധമുള്ള എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമുകൾ ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് എംപ്ലോയബിലിറ്റി സെന്ററുകൾ, കരിയർ ഡെവലപ്മെന്റ് സെന്ററുകൾ എന്നിവ മുഖേനയും നടപ്പിലാക്കി വരുന്നു. കൺസ്ട്രക്ഷൻ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ അതിവിദഗ്ധ തൊഴിൽ പ്രൊഫഷനലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ ചവറയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ എന്ന മികവിന്റെ കേന്ദ്രം പ്രവർത്തിച്ചുവരുന്നു. ഡിസൈൻ മേഖലയിൽ സർഗ്ഗശേഷിയുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ ചന്ദനത്തോപ്പിൽ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

ഡിസൈൻ പ്രവർത്തിച്ച വരുന്നുണ്ട്.

ഗ്രാമീണ മേഖലയിലെ സ്കൂൾ കോളജ് വിദ്യാർഥികൾ ഉൾപ്പെടുന്ന യുവസമൂഹത്തിനു തൊഴിൽ നൈപുണ്യ പരിശീലനം ഉറപ്പാക്കുന്നതോടൊപ്പം ആഗോള മൽസര രംഗത്ത് അവരെ മുൻനിരയിലെത്തിക്കാൻ പ്രാപ്തരാക്കുക എന്നതാണ് കൗശൽ കേന്ദ്രയിലൂടെ ലക്ഷ്യമാക്കുന്നത്.

കേന്ദ്രസർക്കാർ പദ്ധതിയായ പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന (PMKVY) സെൻട്രലി സ്പോൺസേർഡ് സ്റ്റേറ്റ് മാനേജ്ഡ് (CSSM) ഘടകം സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത് KASE മുഖേന ആണ്. വിവര സാങ്കേതികവിദ്യയുടെ നൂതനവും വിപുലവുമായ സാദ്ധ്യതകളെ ഉപയോഗ പ്പെടുത്തി അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെയും, തൊഴിൽ ദാതാക്കളെയും മറ്റു സേവന ദാതാക്കളെയും ഒരു കുടക്കീഴിൽ എത്തിക്കുന്ന ഏകജാല സംവിധാനമായ ജോബ് പോർട്ടൽ സംസ്ഥാന നൈപുണ്യ വികസന മിഷനായ KASE പ്രവർത്ത സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ പ്ലംബർ, ഇലക്ട്രീഷ്യൻ, പെയിന്റർ, ഡ്രൈവർ, ഗാർഹിക തൊഴിലാളി എന്നിങ്ങനെ വിവിധങ്ങളായ തൊഴിൽ ചെയ്യുന്ന വിദഗ്ധരുടെ സേവനങ്ങൾ വ്യാവസായിക ആവശ്യങ്ങൾക്കും പൊതുജനങ്ങൾക്കും നേരിട്ട് ലഭ്യമാക്കാൻ ഉതകുന്ന ഒരു സംവിധാനം സ്കിൽ രജിസ്ട്രി എന്ന പേരിൽ KASE വികസിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ